### 39. കുമ്പഴ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1930 - ലെ മലങ്കര സഭാ പുനരൈക്യം പുത്തൻകൂർ ക്രിസ്ത്യാനികളുടെ ചരിത്രപരമായ സ്വപ്നത്തിന്റെ പൂർത്തീകരണം ആയിരുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യശേഷം കൃത്യം കഴിഞ്ഞപ്പോൾ കുമ്പഴ ദേശത്ത് ചരിത്രപുരാതന കുടുംബമായ മേടയിൽ ഫീലിപ്പോസ് കത്തനാർ ഒക്ടോബർ 30ന് പുനരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ കടന്നുവരവ് പുനരൈക്യപ്രസ്ഥാനത്തിന് കൂടുതൽ ബലം നല്കി.

അക്കാലത്ത് കുമ്പഴയിൽ നിന്ന് ലത്തീൻ സഭാംഗമായിരുന്ന മരുതൂർ ഈശോച്ചൻ നല്കിയ സ്ഥലത്ത് ആരാധന ആരംഭിച്ചു. 1930 ഡിസംബർ 24 മാർ ഈവാനിയോസ് പിതാവ് ചാപ്പൽ കൂദാശചെയ്ത് ക്രിസ്മസ് ആരാധനയോട് കുമ്പഴയിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് ആരംഭമായി. സഭാംഗങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് വരുന്നത് വഴി പുതിയ സ്ഥലം കണ്ടെത്തുകയും അങ്ങനെ 1931 - ൽ ഇപ്പോഴുള്ള സ്ഥത്ത് മാറ്റി സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് രണ്ടേക്കർ സ്ഥലംകൂടി പറക്കുന്നിൽ ചാക്കോച്ചനോട് എഴുതി വാങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ ഇടവകയ്ക്ക് 3 ഏക്കർ 34 സെന്റ് സ്ഥലമുണ്ട്. ഇടവക നല്കിയ സ്ഥലത്താണ് ഇന്ന് വാർദ്ധിക്യത്തിലെത്തിയ പുരോഹിതരെ ശുശ്രൂഷിക്കുന്ന സെന്റ് ജോൺ മരിയവിയാന്നി ക്ലേർജ്ജിഹോം നിലനിൽക്കുന്നത്.

തുടർന്ന് 1933ൽ ഇടവക ജനങ്ങളുടെ കഷ്ടപ്പാടും പ്രാർത്ഥനയും പ്രയഗ്നമായും പുതിയ ചാപ്പൽ മെയ് മാസം 15 - ാം തീയതി മാർ ഈവാനിയോസ് പിതാവ് കൂദാശ ചെയ്തു. 1930 മുതൽ 1956 വരെ 26 വർഷക്കാലം ഫിലിപ്പോസ് മേടയിലായിരുന്നു വികാരി. അദ്ദേഹം പത്തനംതിട്ടയിലും പരിസരത്തുമായി 42 ദേവാലയങ്ങൾ നിർമ്മിച്ചു. മേടയിൽ അച്ചന്റെ പുനരൈക്യ തീഷ്ണത മലങ്കര സഭയ്ക്ക് എന്നും ജ്വലിക്കുന്ന ആവേശമാണ്.

1963 - ൽ കുമ്പഴ പാലത്തിനുസമീപം ബഥനി ആശ്രമം സ്ഥാപിതമായി അതോടുകൂടി ബഥനി അച്ചന്മാരുടെ കരങ്ങളിൽ ഇടവകയുടെ ശുശ്രൂഷകൾ നിർവ്വഹിച്ചുവന്നു.

1967 - ൽ ഫ്രാൻസിസ് സേവ്യർ അച്ചൻ വികാരിയായി സ്ഥാനമേറ്റു തുടർന്ന് പുതിയ വലിയ ദേവാലയത്തെപ്പറ്റി ചിന്തിക്കുകയും ശിലാസ്ഥാപനം നടത്തി പണികൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് 1970 - ൽ ഇഗ്നേഷ്യസ് തങ്ങളത്തിൽ അച്ചൻ ഇടവക വകാരിയായി ചുമതലയേറ്റു. തുടർന്ന് ധ്രുതഗതിയിൽ പണി പൂർത്തീകരിച്ച് 1972 ഡിസംബർ 31, ജനുവരി 1 തീയതികളിൽ പുതിയ ദേവാലയം അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. തുടർന്ന് ഇടവക ഭരിച്ച വികാരിമാരും ഇടവകയുടെ ട്രസ്റ്റി സെക്രട്ടറിമാരും എല്ലാം കഠിനമായി അധ്വാനിച്ച് ഇപ്പോൾ ഇടവകയുടെ ഭൗതീക ആദ്ധ്യാത്മീക രംഗം ഉയർന്ന് ശോഭിക്കുന്നു. 2010 പത്തനംതിട്ടയിൽ പുതിയ രൂപത സ്ഥാപിതമായപ്പോൾ ഇടവകയുടെ ഭരണം 2013 മെസ് 17 - ാം തീയതി മുതൽ ഇടവകയുടെ ഭരണം രൂപതാ വൈദീകർ ഏറ്റെടുത്തു. ഫാ. ചാക്കോ തടത്തിൽ അച്ചൻ നാല് വർഷം ഇടവകയുടെ വികാരിയായി. ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്തു. തുടർന്ന് ഫാ. ഏബ്രഹാം മണ്ണിൽ വികാരിയായി, തുടർന്ന് ഫാ. ജോൺസൺ പാറയ്ക്കൽ വികാരിയായി ചുമതല നിർവ്വഹിക്കുന്നു.

സഭയിലെ എല്ലാ ഭക്ത സംഘടനകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇപ്പോൾ 250 - ഓളം കുടുംബങ്ങൾ പത്ത് പ്രാർത്ഥനാ യോഗങ്ങളായി അവരുടെ ആദ്ധ്യാത്മീക ജീവിതം നടത്തിവരുന്നു.

ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്തയായ പരിശുദ്ധ ദൈവമാതാവിന്റെ തിരുനാൾ എല്ലാവർഷവും ആഘോഷമായി നടത്തി വരുന്നു. അതുപോലെ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാളും നടത്തിവരുന്നു. എട്ടുനോമ്പ് വളരെ പ്രത്യേകമായി കൊണ്ടാടുകയും എല്ലാ ഭവനങ്ങളും നോമ്പ് അനുഷ്ഠിച്ച് ശുശ്രൂഷകളിൽ പങ്കാളികളാകുകയും ചെയ്യുന്നു.